**Desabhimani**

**27 August 2018**

**Kochi, Relief Camp, Flood Victims**

# ക്യാമ്പിൽ സദ്യവിളമ്പാൻ മമ്മൂട്ടിയും

**കൊച്ചി**

തിരുവോണനാളിൽ ദുരിതബാധിതർക്ക് ആശ്വാസവുമായി മലയാളത്തിന്റെ പ്രിയനടൻ മമ്മൂട്ടി. തൃശൂർ, എറണാകുളം ജില്ലകളിൽ തീരമേഖലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലാണ് അദ്ദേഹം സന്ദർശനം നടത്തിയത്. വരാപ്പുഴയിൽ ദുരിതാശ്വാസ ക്യാമ്പിൽ അദ്ദേഹം ഓണസദ്യ വിളമ്പി. തുടർന്ന് ക്യാമ്പിലുള്ളവർക്കൊപ്പമിരുന്ന് സദ്യ കഴിക്കുകയും ചെയ്തു. ആരും തളർന്നുപോകരുതെന്നും നഷ്ടങ്ങളെ നമുക്ക് ഒരുമിച്ചു നേരിടാമെന്നും പറഞ്ഞാണ് മമ്മൂട്ടി മടങ്ങിയത്.